ഇറക്കിയ കരിങ്കല്ലുകളുടെ വിശദവിവരം വർഷം തിരിച്ച് താഴെ കൊടുക്കുന്നു :

2011-12	- 1646 M^3
2012-13	- ...
2013-14	- 4798 M^3
2014-15	- 5798 M^3
2015-16	- 3910 M^3

(സി) 3 കോടി 86 ലക്ഷം രൂപ കരിങ്കല്ലിറക്കിയ ഇനത്തിൽ ഇതുവരെ ചെലവായി. കരിങ്കല്ല് ക്യൂബിക് മീറ്ററിനാണ് അളക്കുന്നത്. 4 വർഷത്തിൽ ഇതുവരെ 16152 M^3 കരിങ്കല്ലുകൾ ഇറക്കിയിട്ടുണ്ട്. 2.425 കോടി രൂപ ഇനി കരാറുകാർക്ക് നൽകാനുണ്ട്.

(ഡി) കടലാക്രമണമുണ്ടാകുന്ന പ്രദേശങ്ങളിൽ എല്ലായിടത്തും ശാശ്വത പരിഹാരമുണ്ടാകുന്ന തരത്തിൽ കടൽഭിത്തി/പുലിമുട്ട് നിർമ്മിക്കുക തന്നെയാണ് അഭികാമ്യം. എന്നാൽ അതിനുവേണ്ടത്ര തുക ഒന്നിച്ച് വകയിരുത്താൻ കഴിയാറില്ല. എന്നാൽ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് സർക്കാരിന്റെ ബാധ്യതയായതിനാൽ ജില്ലാ ഭരണകൂടത്തിന്റെയും ജനപ്രതിനിധികളുടെയും നിർദ്ദേശപ്രകാരം അടിയന്തരഘട്ടങ്ങളിൽ റബിൾ മൗണ്ടുകൾ നിർമ്മിക്കാറുണ്ട്. തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ.-മാരുടേയും എം.പി.യുടേയും വിവിധ രാഷ്ട്രീയ പാർട്ടികളുടേയും ജില്ലാ ഭരണകൂടത്തിന്റേയും നിർദ്ദേശങ്ങളനുസരിച്ച് ജനങ്ങളുടെ ജീവനും വസ്തുവകകൾക്കും അടിയന്തര സംരക്ഷണം നൽകുവാനും കൂടിയാണ് ടി പ്രവൃത്തികൾ ചെയ്യുന്നത്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

171 (3606) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണ് ; ഭരണാനുമതി ലഭിച്ചിട്ടും നടപ്പിലാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ് ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ജലസേചന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്കക്കെടുതി, വെള്ളപ്പൊക്ക നിയന്ത്രണം, 13-ാം ധനകാര്യ കമ്മീഷൻ എന്നിവയിൽ ഉൾപ്പെടുത്തി ഓരോ പ്രവൃത്തിക്ക് വീതം ഭരണാനുമതി നൽകുകയും മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്കക്കെടുതിയിൽ ഉൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്കും അഴീക്കലിൽ സ്ഥാപിക്കുന്ന കോസ്റ്റ്ഗാർഡ് അക്കാദമിയുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി പഠനം നടത്തുന്നതിനായി ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത മൂന്ന് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ കടലാക്രമണ പ്രതിരോധ പ്രവൃത്തിയിൽ ഉൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്കും റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അഞ്ച് പ്രവൃത്തികൾക്കും കോസ്റ്റ് ഗാർഡ് അക്കാദമിയുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി പഠനത്തിനായി ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകുകയും മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ കടലാക്രമണ പ്രതിരോധ പ്രവൃത്തിയിൽ ഉൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ഇതിൽ ഒരു പ്രവൃത്തി മൂന്നുതവണ ടെൻഡർ ചെയ്യുകയും ഒരു തവണ ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽനിന്നും പ്രതികരണമൊന്നും ഉണ്ടായിട്ടില്ല. രണ്ടാമത്തെ പ്രവൃത്തിയുടെ ടെണ്ടർ നിരക്ക് അധികമായതിനാൽ അംഗീകാരത്തിനായിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മറ്റു പ്രവൃത്തികൾ

1. ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരണം : കണ്ണപുരം പഞ്ചായത്തിലെ അയ്യോത്ത് പോത്തൻ കുളത്തിന്റെ നവീകരണം - 13.80 ലക്ഷം - ഈ പ്രവൃത്തി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. പദ്ധതി സംരക്ഷണ പ്രവൃത്തി : ചെറുകന്ന് പഞ്ചായത്തിലെ മുട്ടിൽകാപ്പ് റഗുലേറ്ററിന്റെ മുകൾഭാഗം വലതുകര പാർശ്വഭിത്തി നിർമ്മാണവും മണ്ണുകൊണ്ടുള്ള ബണ്ട് നിർമ്മാണവും - 8.00 ലക്ഷം - പ്രവൃത്തി പൂർത്തീകരിച്ചു.

3. നബാർഡ് XX : കണ്ണപുരം പഞ്ചായത്തിലെ അയ്യോത്ത് ആയിരം തെങ്ങിൽ പുത്തരിത്തോൽ തോടിനു കുറുകെ ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ നിർമ്മാണം - 40.00 ലക്ഷം - പ്രവൃത്തി ടെണ്ടർ ചെയ്തു.

4. പദ്ധതി സംരക്ഷണം : ചെറുകന്ന് പഞ്ചായത്തിലെ തെങ്ങിൻകണ്ടിയിൽ മുട്ടിൻ ഗ്രാമം റോഡിനു കുറുകെയുള്ള സ്ലൂയിഡിന്റെ പുനർനിർമ്മാണം - 14.50 ലക്ഷം സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

കേരള ജല അതോറിറ്റി:

2013-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് പദ്ധതികൾക്ക് (21,80,000 രൂപയുടെ) ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ 98%-വും പൂർത്തീകരിച്ചിട്ടുണ്ട്.

2014-ലെ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴോം പഞ്ചായത്തിൽ മൂന്ന് സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടുന്നതിന് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ 2015-ലെ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 17 സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടുന്നതിന് 64,30,850 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

നബാർഡ് ആർ.ഐ.ഡി.എഫ്. XVI-ൽ ഉൾപ്പെടുന്ന 20 പദ്ധതികൾക്ക് 23.24 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 9 പദ്ധതികൾ ജിക്കയുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

എസ്.എൽ.എസ്.എസ്.സി.-യിൽ ഉൾപ്പെടുത്തി 3 സ്കൂളുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിക്കായി 10.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇവ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്പോസിറ്റ് പ്രവൃത്തി :

1. കോസ്റ്റ്ഗാർഡ് അക്കാഡമി - 628 ലക്ഷം രൂപ - പ്രവൃത്തി ആരംഭിച്ചു.

2. പരിയാരം ആയുർവേദ മെഡിക്കൽ കോളേജ് - 50 ലക്ഷം രൂപ- ദർഘാസ് ക്ഷണിച്ചിരിക്കുന്നു.

ജിക്ക ധനസഹായത്തോടുകൂടിയുള്ള പട്ടുവം ശുദ്ധജല വിതരണ പദ്ധതി മുഖാന്തിരം ഭാഗികമായി കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ട്. മണ്ഡലത്തിലെ മറ്റ് പ്രദേശങ്ങളിൽ ജിക്ക സഹായത്തോടെ രണ്ടാംഘട്ടമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ്

2011-12, 2012-13 വർഷങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല.

വർഷം	സ്ഥലത്തിന്റെ പേര്	പഞ്ചായത്ത്	പദ്ധതിയുടെ പേര്	തുക
2013-14	1. പുത്തൂർകുന്ന് എസ്. സി. കോളനി	കടന്നപ്പള്ളി പാണപ്പുഴ	കുടിവെള്ള പദ്ധതി	3,20,062
	2. പുത്തൂർകുന്ന്ക്രിസ്ത്യൻ കോളനി	കടന്നപ്പള്ളി പാണപ്പുഴ	കുഴൽകിണർ നിർമ്മാണം	86,625
2014-15	1. പുത്തൂർകുന്ന് ക്രിസ്ത്യൻ കോളനി	കടന്നപ്പള്ളി പാണപ്പുഴ	കുടിവെള്ള പദ്ധതി	3,58,078
	2. പട്ടുവം ഡിവൈൻ കോളനി	പട്ടുവം	കുഴൽ കിണർ/ കുടിവെള്ള പദ്ധതി	82,635
2015-16	എരിപുരം ലക്ഷംവീട് കോളനി	മാടായി	കുടിവെള്ള പദ്ധതി	....

(2013-14, 2014-15 വർഷങ്ങളിലെ പദ്ധതികൾ പൂർത്തീകരിച്ചു. 2015-16-ലെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.)

553/16

LIBRARY ARCHIVES Kerala Legislative Assembly